# NATIONAL BULLETIN

DATE : 06-02-2025 | പ്രധാന വാർത്തകൾ | TIME : 12.50 PM

1. രാഷ്ട്രപതിയുടെ അഭിസംബോധനയിന്മേലുള്ള നന്ദിപ്രമേയ ചർച്ചകൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് രാജ്യസഭയിൽ മറുപടി നൽകും.

   **Prime Minister Narendra Modi will reply in the Rajya Sabha today on the motion of thanks for President Droupadi Murmu's address to the joint sitting of both Houses of Parliament.**

2. അനധികൃത കുടിയേറ്റക്കാരെന്ന് ചൂണ്ടിക്കാട്ടി ഇന്ത്യൻ പൗരന്മാരെ അമേരിക്കയിൽ നിന്നും മടക്കി അയച്ച വിഷയത്തിൽ പാർലമെൻറിൽ പ്രതിപക്ഷ പ്രതിഷേധം. ലോക്സഭാ നടപടികൾ രണ്ട് മണി വരെ നിർത്തിവച്ചു.

   **Both Houses of Parliament disrupted after opposition parties protested over the issue of the deportation of Indian nationals from the United States of America. Lok Sabha adjourned until 2 PM.**

3. 2025-26 സാമ്പത്തിക വർഷത്തേക്കുള്ള സംസ്ഥാന ബജറ്റ് ധനമന്ത്രി കെ എൻ ബാലഗോപാൽ നാളെ നിയമസഭയിൽ അവതരിപ്പിക്കും.

   **Kerala Finance Minister K N Balagopal will present the state budget tomorrow in Kerala Legislative Assembly.**

4. 38-ാ മത് ദേശീയ ഗെയിംസിൽ 29 സ്വർണ്ണവുമായി മേധാവിത്വം തുടർന്ന് കർണ്ണാടക. കേരളം 24 മെഡലുമായി ഒൻപതാം സ്ഥാനത്ത്.

**Karnataka leads top in 38th National Games. Kerala in 9th place with 24 medals.**

5. ഇന്ത്യ- ഇംഗ്ലണ്ട് ഏകദിന ക്രിക്കറ്റ് പരമ്പരയ്ക്ക് ഇന്ന് തുടക്കം.

   **In Cricket, first match of three-match ODI series to be played between India and England in Nagpur today.**

6. സ്ത്രീകളുടെ കായിക ഇനങ്ങളിൽ മത്സരിക്കുന്നതിൽ നിന്ന് ട്രാൻസ്ജെൻഡർ വനിതകളെ ഒഴിവാക്കുന്ന ഉത്തരവിൽ ഒപ്പുവച്ച് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് .

   **United States President Donald Trump has signed an executive order into law keeping men's out of women's sports and also prohibiting transgender women and girls from competing in women's sports.**

&&&&&&&&&&&&&&&&

# HEADLINE – 1&2

**PM REPLY IN RS**

രാഷ്ട്രപതിയുടെ അഭിസംബോധനയിന്മേലുള്ള നന്ദിപ്രമേയ ചർച്ചകൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് വൈകുന്നേരം രാജ്യസഭയിൽ മറുപടി നൽകും. നന്ദിപ്രമേയം ലോക്സഭ ചൊവ്വാഴ്ച പാസ്സാക്കിയിരുന്നു. അതേസമയം പാർലമെൻറിൻറെ ഇരുസഭകളിലും ഇന്ന് പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് നടപടിക്രമങ്ങൾ തടസ്സപ്പെട്ടു. അനധികൃത കുടിയേറ്റക്കാരെന്ന് ചൂണ്ടിക്കാട്ടി ഇന്ത്യൻ പൗരന്മാരെ അമേരിക്കയിൽ നിന്നും മടക്കി അയച്ച വിഷയം ഉന്നയിച്ചാണ് പ്രതിപക്ഷ പ്രതിഷേധം. ലോക്സഭയിൽ രാവിലെ സഭാനടപടികൾ ആരംഭിച്ചപ്പോൾ തന്നെ കോൺഗ്രസ്, സമാജ് വാദി, തൃണമൂൽ ഉൾപ്പെടെയുള്ള പ്രതിപക്ഷ പാർട്ടികൾ

മുദ്രാവാക്യങ്ങളുമായി രംഗത്തുവന്നു. വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് കോൺഗ്രസ് അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകി. എന്നാൽ ഒരു വിദേശ രാജ്യവുമായി ബന്ധപ്പെട്ട വിഷയമായതിനാൽ ചർച്ച അനുവദിക്കാനാവില്ലെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള വ്യക്തമാക്കുകയായിരുന്നു. രാജ്യസഭയിലും സമാന രീതിയിലുള്ള പ്രതിഷേധമാണ് അരങ്ങേറിയത്.

തുടർന്ന് ഇരുസഭകളിലും നടപടികൾ 12 മണിവരെ നിർത്തിവച്ചു. ലോക്സഭയിൽ പിന്നീട് നടപടികൾ പുനരാരംഭിച്ചപ്പോളും പ്രതിപക്ഷം പ്രതിഷേധം തുടർന്നതിനാൽ സഭ രണ്ട് മണി വരെ നിർത്തിവച്ചിരിക്കുകയാണ്. രാജ്യസഭയിൽ നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. അനധികൃത കുടിയേറ്റക്കാരെന്നാരോപിച്ച് ഇന്ത്യൻ പൗരന്മാരെ അമേരിക്ക മടക്കി അയച്ച വിഷയത്തിൽ വിദേശകാര്യമന്ത്രി എസ്.ജയശങ്കർ പാർലമെൻറിൽ ഇന്ന് പ്രസ്താവന നടത്തിയേക്കും.

&&&&&&&&&&&&&&&&

**Amit Shah (INTRO)**

***പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിനു കീഴിൽ വടക്കു കിഴക്കൻ സംസ്ഥാനങ്ങൾ വികസനത്തിന്റെ പാതയിലേക്കെത്തിയതായി കേന്ദ്രആഭ്യന്തര മന്ത്രി അമിത് ഷാ. ത്രിപുരയിലെ 2,806 യുവജനങ്ങൾക്ക് ഓൺലൈനായി നിയമന ഉത്തരവുകൾ വിതരണം ചെയ്യുകയായിരുന്നു അദ്ദേഹം. മൂന്ന് കരാറുകളിലൂടെ ത്രിപുരയിൽ സമാധാനം ഉറപ്പു വരുത്തുന്നതിനും മോദി സർക്കാരിന് സാധിച്ചതായും അദ്ദേഹം പറഞ്ഞു.***

***(ഹോൾഡ്)***

&&&&&&&&&&&&&&&&

# HEADLINE – 3

**STATE BUDGET**

2025-26 സാമ്പത്തിക വർഷത്തേക്കുള്ള സംസ്ഥാന ബജറ്റ് ധനമന്ത്രി കെ എൻ ബാലഗോപാൽ നാളെ രാവിലെ 9 മണിക്ക് നിയമസഭയിൽ അവതരിപ്പിക്കും. വയനാട് പുനരധിവാസം, ക്ഷേമപെൻഷൻ വർദ്ധന, വിഴിഞ്ഞം പദ്ധതി എന്നിവയുമായി ബന്ധപ്പെട്ട നിർണായക പ്രഖ്യാപനങ്ങൾ ബജറ്റിലുണ്ടാകുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. നിയമസഭയിൽ ഈ മാസം 10 മുതൽ 13 വരെ ബജറ്റിന്മേലുള്ള ചർച്ച നടക്കും.

&&&&&&&&&&&&&&&&

**RBI-MONETARY POLICY**

റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ മൂന്ന് ദിവസത്തെ പണനയ അവലോകന യോഗം മുംബൈയിൽ പുരോഗമിക്കുന്നു. അടിസ്ഥാന ബാങ്കിങ്ങ് നിരക്കുകൾ സംബന്ധിച്ച തീരുമാനങ്ങൾ ആർബിഐ ഗവർണർ സഞ്ജയ് മൽഹോത്ര നാളെ പ്രഖ്യാപിക്കും.

&&&&&&&&&&&&&&&&

**DELHI ELECTION**

ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിൽ വോട്ടെണ്ണൽ മറ്റന്നാൾ. ഇന്നലെ നടന്ന വോട്ടെടുപ്പിൽ 60.4 ശതമാനമായിരുന്നു പോളിങ്ങ്. തമിഴ്നാട്ടിലെ ഈറോഡ് ഈസ്റ്റ് നിയമസഭാ മണ്ഡലത്തിലേക്കും, ഉത്തർപ്രദേശിലെ മിൽക്കിപൂർ മണ്ഡലത്തിലേക്കുമുള്ള ഉപതിരഞ്ഞെടുപ്പുകളും ഇന്നലെ നടന്നു.

&&&&&&&&&&&&&&&&

# HEADLINE – 4

**NATIONAL GAMES**

38-ാ മത് ദേശീയ ഗെയിംസിൽ 29 സ്വർണ്ണവുമായി മേധാവിത്വം തുടർന്ന് കർണ്ണാടക. സർവീസസ് രണ്ടാമതും മധ്യപ്രദേശ് മൂന്നാം സ്ഥാനത്തുമാണ്. 9 സ്വർണം ഉൾപ്പെടെ 24 മെഡലുമായി ഒൻപതാം സ്ഥാനത്താണ് കേരളം. തായ് ക്കൊണ്ടോയിലും, കയറൂഗിലും മെഡൽ

പ്രതീക്ഷയുമായി കേരള താരങ്ങൾ ഇന്ന് മത്സരത്തിനിറങ്ങും. ഫുട്ബോൾ ഫൈനലിൽ കേരള ടീം നാളെ ഉത്തരാഖണ്ഡിനെ നേരിടും. ഗെയിംസിലെ അത് ലറ്റിക് മത്സരങ്ങൾക്ക് മറ്റന്നാളാണ് തുടക്കമാവുക.

&&&&&&&&&&&&&&&&

**AMIT SHA J K**

ജമ്മുകശ്മീരിലെ സുരക്ഷാസ്ഥിതികൾ സംബന്ധിച്ച അവലോകന യോഗം ആഭ്യന്തര മന്ത്രി അമിത് ഷായുടെ നേതൃത്വത്തിൽ ഇന്നലെ ന്യൂഡൽഹിയിൽ ചേർന്നു. ലഫ്റ്റനൻറ് ഗവർണറും ഉന്നത ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുത്തു. തീവ്രവാദ മുക്ത ജമ്മു കശ്മീർ എന്ന ലക്ഷ്യത്തിലേക്ക് രാജ്യം അതിവേഗം അടുക്കുകയാണെന്ന് ശ്രീ അമിത് ഷാ പറഞ്ഞു. നുഴഞ്ഞുകയറ്റം ഒഴിവാക്കാനുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ അദ്ദേഹം കേന്ദ്ര ഏജൻസികൾക്ക് നിർദ്ദേശം നൽകി.

&&&&&&&&&&&&&&&&

**ബ്രേക്ക്**

ഈവാർത്തകൾ ആകാശവാണിയിൽ നിന്ന്........

&&&&&&&&&&&&&&&&

**SHARON CASE-APPEAL**

പാറശാല ഷാരോൺ വധക്കേസിൽ സെഷൻസ് കോടതി പുറപ്പെടുവിച്ച ശിക്ഷാവിധി റദ്ദാക്കണം എന്നാവശ്യപ്പെട്ട്, പ്രതി ഗ്രീഷ്മ ഹൈക്കോടതിയിൽ അപ്പീൽ നൽകി. ഗ്രീഷ്മയ്ക്ക് വധശിക്ഷയാണ് നെയ്യാറ്റിൻകര അഡീഷണൽ സെഷൻസ് കോടതി വിധിച്ചത്. അപ്പീൽ ഹർജി കോടതി ഇന്ന് പരിഗണിക്കുമെന്നാണ് സൂചന. നിലവിൽ തിരുവനന്തപുരം അട്ടക്കുളങ്ങര ജയിലിൽ കഴിയുകയാണ് ഗ്രീഷ്മ.

&&&&&&&&&&&&&&&&

## KANNUR CASE

കണ്ണൂരിൽ പകുതിവിലയ്ക്ക് ഇരുചക്ര വാഹനം വാഗ്ദാനം ചെയ്ത് കോടിക്കണക്കിന് രൂപയുടെ തട്ടിപ്പ് നടത്തിയ സംഭവം അന്വേഷിക്കാൻ പ്രത്യേക സംഘത്തെ നിയോഗിച്ചു. കണ്ണൂർ അസി. പോലീസ് കമ്മീഷണർ ഇൻ ചാർജ് ജയൻ ഡൊമിനിക്കിൻറെ നേതൃത്വത്തിലുള്ള സംഘമാണ് കേസ് അന്വേഷിക്കുന്നത്. വിവിധ സ്റ്റേഷനുകളിലായി 700 പരാതികൾ ആണ് ലഭിച്ചത്. 10 കോടി രൂപയുടെ നഷ്ട മുണ്ടായതായാണ് കണക്ക്.

&&&&&&&&&&&&&&&&

## IDUKKI ELEPHANT ATTACK

ഇടുക്കി മറയൂരിൽ കാട്ടാന ആക്രമണത്തിൽ ഒരാൾ കൊല്ലപ്പെട്ടു. മറയൂർ ചമ്പക്കാട്ടിൽ വിമലാണ് കൊല്ലപ്പെട്ടത്. ചിന്നാർ വന്യജീവി സങ്കേതത്തിന് അകത്തുള്ള കള്ളിക്കാട് ഭാഗത്ത് ഫയർ ലൈൻ ഇടാൻ പോയ സംഘത്തെ കാട്ടാന ആക്രമിക്കുകയായിരുന്നു.

&&&&&&&&&&&&&&&&

## I S L

ISL ഫുട്ബോളിൽ ഇന്ന് എഫ്സി ഗോവ, ഒഡീഷ എഫ്സിയെ നേരിടും. രാത്രി 7:30- ന് ഗോവയിലെ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ മോഹൻ ബഗാൻ, പഞ്ചാബ് എഫ്സിയെ എതിരില്ലാത്ത 3 ഗോളുകൾക്ക് പരാജയപ്പെടുത്തി. ഇതോടെ 46 പോയിൻറുമായി മോഹൻ ബഗാൻ ഈ സീസണിൽ, പ്ലേ ഓഫ് യോഗ്യത നേടുന്ന ആദ്യ ടീമായി.

&&&&&&&&&&&&&&&&

# HEADLINE – 5

## CRICKET – IND VS ENG

ഇന്ത്യ- ഇംഗ്ലണ്ട് ഏകദിന ക്രിക്കറ്റ് പരമ്പരയ്ക്ക് ഇന്ന് തുടക്കം. നാഗ്പൂരിലെ വിദർഭ ക്രിക്കറ്റ് അസോസിയേഷൻ സ്റ്റേഡിയത്തിൽ ഉച്ചയ്ക്ക് 1.30-നാണ് ആദ്യ മത്സരം. ഇന്ത്യൻ ടീമിനെ രോഹിത് ശർമ നയിക്കും. മൂന്ന് മത്സരങ്ങളുടെ പരമ്പരയിലെ രണ്ടാം മത്സരം ഞായറാഴ്ച കട്ടക്കിലും, അവസാന മത്സരം 12-ന് അഹമ്മദാബാദിലുമാണ്.

&&&&&&&&&&&&&&&&

**SENSEX + GOLD**

രാജ്യത്തെ ഓഹരി വിപണികൾ നഷ്ടത്തിൽ വ്യാപാരം തുടരുന്നു. ബോംബേ ഓഹരി സൂചിക സെൻസെക്സ് 344 പോയിൻറ് ഇടിഞ്ഞ് 77,927 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 106 പോയിൻറ് താഴ്ന്ന് 23,589 ലും വ്യാപാരം പുരോഗമിക്കുന്നു.

സ്വർണവിലയിൽ നേരിയ വർദ്ധന. പവന് 200 രൂപ കൂടി 63,440 രൂപയും ഗ്രാമിന് 25 രൂപ വർദ്ധിച്ച് 7,930 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&

**IMD KERALA**

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി കേരള - തമിഴ്നാട് തീരങ്ങളിൽ ഇന്ന് വൈകുന്നേരം 5.30 വരെ ഉയർന്ന തിരമാലകൾക്കും കടലാക്രമണത്തിനനും സാധ്യത.മത്സ്യത്തൊഴിലാ ളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം.. ചെറിയ വള്ളങ്ങളും ബോട്ടുകളും കടലിലേക്ക് ഇറക്കുന്നത് ഈ സമയത്ത് ഒഴിവാക്കേണ്ടതാണ്.കേരളത്തിൽ ഇന്നും നാളെയും സാധാരണയെക്കാൾ 2 മുതൽ 3 ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരാൻ സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.

&&&&&&&&&&&&&&&&

# HEADLINE – 6

## Women s sports-Trump

സ്ത്രീകളുടെ കായിക ഇനങ്ങളിൽ മത്സരിക്കുന്നതിൽ നിന്ന് ട്രാൻസ്ജെൻഡർ വനിതകളെ ഒഴിവാക്കുന്ന ഉത്തരവിൽ ഒപ്പുവച്ച് യുഎസ് പ്രസിഡൻ്റ് ഡോണൾഡ് ട്രംപ് . ഉത്തരവ് അനുസരിക്കാൻ വിസമ്മതിക്കുന്ന സ്കൂളുകൾക്കുള്ള ഫെഡറൽ ഫണ്ട് പിൻവലിക്കും. അന്താരാഷ്ട്ര തലത്തിൽ സമാനമായ മാറ്റങ്ങൾ കൊണ്ടുവരാൻ അന്താരാഷ്ട്ര ഒളിമ്പിക് സമിതിയിൽ പ്രേരണ ചെലുത്തണമെന്നും ഉത്തരവിൽ നിർദ്ദേശിക്കുന്നു.

&&&&&&&&&&&&&&&&

## USAID EMPLOYEE LEAVE

അമേരിക്കൻ അന്ത്രാരാഷ്ട്ര വികസന ഏജൻസിയെ സ്റ്റേറ്റ് ഡിപ്പാർട്ട്മെൻ്റിൽ ലയിപ്പിക്കാനുള്ള ഡോണൾഡ് ട്രംപിൻ്റെ തീരുമാനത്തിൻറെ പിന്നാലെ

ലോകമെമ്പാടുമുള്ള എല്ലാ ജീവനക്കാരെയും തിരികെ വിളിക്കാൻ തീരുമാനിച്ച് യുഎസ്എഐഡി. 10,000 ലേറെ ഉദ്യോഗസ്ഥരിൽ മൂന്നിൽ രണ്ടും 60-ഓളം വിദേശരാജ്യങ്ങളിലായാണ് പ്രവർത്തിച്ചു വരുന്നത്. ഇവരെ 30 ദിവസത്തിനകം തിരിച്ചുവിളിക്കാനാണ് തീരുമാനം.

&&&&&&&&&&&&&&&&

## USPS-CHINA

ചൈനയിൽ നിന്നും, ഹോങ്കോങ്ങിൽ നിന്നും വരുന്ന പാഴ്സലുകൾ താൽക്കാലികമായി നിർത്തിവയ്ക്കാനുള്ള തീരുമാനത്തിൽ നിന്ന് യുഎസ് പോസ്റ്റ് സർവീസ് പിന്മാറി. വ്യാപാര രംഗത്ത് ഗുരുതരമായ പ്രത്യാഘാതത്തിന് തീരുമാനം വഴിവെയ്ക്കുമെന്ന ആശങ്കയെ തുടർന്നാണ് പിന്മാറ്റം. ചൈനയ്ക്കെതിരെ യുഎസ് പ്രസിഡൻ്റ് ഡോണൾഡ് ട്രംപ് ചുമത്തിയ അധിക തീരുവയുടെ തുടർച്ചയായാണ് പാക്കേജുകൾ താൽക്കാലികമായി നിർത്തിവയ്ക്കാൻ തീരുമാനിച്ചത്.

&&&&&&&&&&&&&&&&

**Trump Protest**

അധികാരമേറ്റ ശേഷം ട്രംപ് ഭരണകൂടം സ്വീകരിച്ച വിവിധ നടപടികൾക്കെതിരെ വിവിധ അമേരിക്കൻ നഗരങ്ങളിൽ പ്രതിഷേധം. അനധികൃത കുടിയേറ്റം, ട്രാൻസ്ജെൻഡർ അവകാശങ്ങൾ, ഗാസാ നിലപാട് എന്നിവയിൽ പുനപരിശോധന ആവശ്യപ്പെട്ടാണ് ഫിലാഡൽഫിയ, കാലിഫോർണിയ, മിഷിഗൺ, ടെക്സാസ് എന്നിവിടങ്ങളിൽ ആയിരക്കണക്കിന് പേർ പ്രതിഷേധവുമായി അണിനിരന്നത്.

&&&&&&&&&&&&&&&&

**ARGENTINA- WHO**

ലോകാരോഗ്യ സംഘടനയിൽ നിന്നും പിന്മാറുമെന്ന് അറിയിച്ച് അർജൻറീന. ആരോഗ്യ പരിപാലനത്തിലെ അഭിപ്രായ ഭിന്നതകളാണ് സംഘടനയിൽ നിന്ന് പിന്മാറാൻ കാരണം. ലോകാരോഗ്യ സംഘടനയിൽ നിന്ന് പിന്മാറാനുള്ള എക്സിക്യൂട്ടീവ് ഉത്തരവിൽ യൂഎസ് പ്രസിഡൻറ് ഡോണാൾഡ് ട്രംപ് ഒപ്പുവച്ചതിന് പിന്നാലെയാണ് അർജൻറീനയുടെ ഈ നീക്കം.

&&&&&&&&&&&&&&&&

**JAISHANKAR EGYPT + JAISHANKAR SCO**

വിദേശകാര്യമന്ത്രി എസ് ജയ്ശങ്കർ ഈജിപ്ഷ്യൻ വിദേശകാര്യ മന്ത്രി ബദ്ര് അബ്ദല്ലയറ്റിയുമായി ഇന്നലെ ടെലിഫോണിൽ സംസാരിച്ചു. ഇന്ത്യയും ഈജിപ്തും തമ്മിലുള്ള ഉഭയകക്ഷി ബന്ധത്തെക്കുറിച്ച് ഇരുവരും ചർച്ച നടത്തി. പുതുതായി ചുമതലയേറ്റ എസ് സി ഓ സെക്രട്ടറി ജനറലുമായും ശ്രീ ജയശങ്കർ ഇന്നലെ കൂടിക്കാഴ്ച നടത്തി.

&&&&&&&&&&&&&&&&

**GREECE FM VISIT**

നാല് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിനായി ഗ്രീസ് വിദേശകാര്യ മന്ത്രി ജോർജ് ജെറാപെട്രിറ്റിസ് ഇന്നലെ ന്യൂ ഡൽഹിയിൽ എത്തി. വിദേശകാര്യ മന്ത്രി ഡോ എസ് ജയ്ശങ്കറുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തും. ഇന്ത്യ-ഗ്രീസ് ബന്ധം കൂടുതൽ ശക്തിപ്പെടുത്താനും ഇരുരാജ്യങ്ങളും തമ്മിലുള്ള തന്ത്രപരമായ പങ്കാളിത്തം വർദ്ധിപ്പിക്കാനും സന്ദർശനം സഹായകമാകും.

&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&